روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

# സ്വഹാബികളുടെ മഹത്വം

11/03/2022

- ഏറ്റവും നല്ല നൂറ്റാണ്ടിലേക്കാണ് നബി (അ) നിയോഗിക്കപ്പെട്ടത്.
- മനുഷ്യരിൽ ഏറ്റവും നല്ലവരും ബുദ്ധിയുള്ളവരുമായ ഒരു സമൂഹത്തെയാണ് അല്ലാഹു അദ്ദേഹത്തിന് അനുയായികളായി നിശ്ചയിച്ച് കൊടുത്തത്.
- മതത്തിൽ അടിയുറച്ച് നിൽക്കുന്നവരും മതം നന്നായി പഠിക്കുന്നവരും ധീരന്മാരുമായിരുന്നു അവർ
- ശത്രുക്കളുമായി പോരാടുമ്പോൾ അവർ പൂർണ മനസ്സോടും കൂടി യുദ്ധ ഭൂമിയിൽ ഉറച്ച് നിൽക്കുമായിരുന്നു.
- അവരാണ് സ്വഹാബികൾ..
- **ആരാണ് സ്വഹാബികൾ?**

قال ابن حجر :أَصَحُّ ما وقَفْتُ عَلَيْهِ مِن ذَلِكَ أَنَّ الصَّحابِيَّ :مَن لَقِيَ النَّبِيَّ ﷺ مُؤْمِنًا بِهِ، وماتَ عَلى الإِسْلاَمِ،

ഇബ്നു ഹജർ അൽഅസ്ഖലാനി (റഹി) പറയുന്നു: സത്യവിശ്വാസം സ്വീകരിച്ച് കൊണ്ട് മുഹമ്മദ് നബി (സ്വ) യെ കണ്ടുമുട്ടുകയും മുസ്‌ലിമായിത്തന്നെ മരിക്കുകയും ചെയ്തവർക്കാണ് സ്വഹാബത്ത് എന്നു പറയുക. (അൽ ഇസ്വാബ.)

## 1. അല്ലാഹു തിരഞ്ഞെടുത്തവർ

✓ **അബ്ദുല്ലാഹിബ്നു ഉമർ (റ) പറഞ്ഞു;**

وقالَ ابْنُ عُمَرَ :كانَ أَصْحابُ رَسُولِ اللَّهِ ﷺ خَيْرَ هَذِهِ الأُمَّةِ، أَبَرَّها قُلُوبًا وأَعْمَقَها عِلْمًا وأَقَلَّها تَكَلُّفًا، قَوْمٌ اخْتارَهُمُ اللَّهُ لصحبة نَبِيِّهِ ونَقْلِ دِينِهِ.

ഇബ്നു ഉമർ (റ) പറഞ്ഞു; നബി (സ്വ) യുടെ സ്വഹാബികൾ ഈ സമുദായത്തിലെ ഉത്തമരും ഏറ്റവും പുണ്യം നിറഞ്ഞ ഹൃദയമുള്ളവരും ആഴത്തിലുള്ള അറിവുള്ളരും പ്രകടനപരതയില്ലാത്തവരും ആയിരുന്നു. അല്ലാഹു തന്റെ പ്രവാചകന്റെ സഹചാരികളാവാനും തന്റെ മതത്തെ എത്തിക്കാനും തിരഞ്ഞെടുത്ത ഒരു വിഭാഗമാണവർ.

✓ **അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറഞ്ഞു;**

عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ قالَ: إنَّ اللَّهَ نَظَرَ فِي قُلُوبِ العِبادِ فَوَجَدَ قَلْبَ مُحَمَّدٍ ﷺ خَيْرَ قُلُوبِ العِبادِ، فاصْطَفاهُ لِنَفْسِهِ، فابْتَعَثَهُ بِرِسالَتِهِ، ثُمَّ نَظَرَ فِي قُلُوبِ العِبادِ بَعْدَ قَلْبِ مُحَمَّدٍ، فَوَجَدَ قُلُوبَ أَصْحابِهِ خَيْرَ قُلُوبِ العِبادِ، فَجَعَلَهُمْ وُزَراءَ نَبِيِّهِ يُقاتِلُونَ عَلى دِينِهِ،

അബ്ദുല്ലാഹിബ്നു മസ്ഊദി (റ) പറഞ്ഞു; അല്ലാഹു തന്റെ അടിമകളുടെ ഹൃദയങ്ങളിലേക്ക് നോക്കി. അതിൽ ഏറ്റവും നല്ലതായി കണ്ടത് മുഹമ്മദ് നബി (സ്വ) യുടെ ഹൃദയമാണ്. അപ്പോൾ അദ്ദേഹത്തെ തനിക്ക് വേണ്ടി തിരഞ്ഞെടുത്തു. തന്റെ ദൌത്യവുമായി അദ്ദേഹത്തെ നിയോഗിച്ചു. പിന്നെ മുഹമ്മദ് നബി (സ്വ) ഹൃദയത്തിന് ശേഷം മറ്റു അടിമകളുടെ ഹൃദയത്തിലേക്ക് നോക്കി. അദ്ദേഹത്തിന്റെ സ്വഹാബിമാരുടെ ഹൃദയങ്ങളാണ് പിന്നെ ഉത്തമമായി കണ്ടത്. അവരെ തന്റെ പ്രവാചകന്റെ അനുചരന്മാർ ആക്കി. അവർ ദീനിന്റെ സംരക്ഷണത്തിന് വേണ്ടി നില കൊണ്ടു.

### 2. അല്ലാഹു അവരെക്കുറിച്ച് ഖുർആനിൽ പറയുന്നത്.

وَالسَّابِقُونَ الْأَوَّلُونَ مِنَ الْمُهَاجِرِينَ وَالْأَنْصَارِ وَالَّذِينَ اتَّبَعُوهُمْ بِإِحْسَانٍ رَضِيَ اللَّهُ عَنْهُمْ وَرَضُوا عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الْأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ (التوبة: ١٠٠)

### 3. അല്ലാഹു തൃപ്തിപ്പെട്ടവർ

لَقَدْ رَضِيَ اللَّهُ عَنِ الْمُؤْمِنِينَ إِذْ يُبَايِعُونَكَ تَحْتَ الشَّجَرَةِ (الفتح: ١٨.)

ആരും നരകത്തിൽ പ്രവേശിക്കില്ല.

عَنْ جابِرٍ، قالَ: قالَ رَسُولُ اللهِ ﷺ :لاَ يَدْخُلُ النّارَ أحَدٌ مِمَّنْ بايَعَ تَحْتَ الشَّجَرَةِ.

ബൈഅത്തു രിദ് വാനിൽ പങ്കെടുത്ത ആരും നരകത്തിൽ പ്രവേശിക്കില്ല.

- ജാബിർ (റ) പറഞ്ഞു; ഞങ്ങൾ ബൈഅത്തു രിദ്‌വാനിൽ പങ്കെടുത്തവർ ആയിരത്തി നാനൂറ് പേരുണ്ടായിരുന്നു.

### 4. ദീനിനെ സഹായിച്ചവർ,

- ഈ ദീൻ ആദ്യം കേട്ടവർ സ്വഹാബികളാണ്. സ്വഹാബികൾ ഈ മതത്തിന്റെ നില നിൽപ്പിന് വേണ്ടി പോരാടിയവരാണ്. നബി (സ്വ) ക്ക് സംരക്ഷണ കവചമൊരുക്കിയവർ. തങ്ങളുടെ ശരീരവും സമ്പത്തും ദീനിന് വേണ്ടി മാറ്റി വെച്ചവർ. നബി (സ്വ) സുന്നത്തുകൾ മുറുകെ പിടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തവർ

مُحَمَّدٌ رَّسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ تَرَاهُمْ رُكَّعًا سُجَّدًا يَبْتَغُونَ فَضْلًا مِّنَ اللَّهِ وَرِضْوَانًا سِيمَاهُمْ فِي وُجُوهِهِم مِّنْ أَثَرِ السُّجُودِ ( الفتح: ٢٩)

**ഇബ്നുൽ ജൌസി (റഹി) പറഞ്ഞു;**

ഈ ആയത്തിനെ വിശദീകരിച്ച് ഇബ്നുൽ ജൌസി (റഹി) പറഞ്ഞു; ഈ വിശേഷ ണങ്ങൾ പ്രവാചകന്റെ മുഴുവൻ സ്വഹാബത്തിനെയും സംബന്ധിച്ചാണെന്ന് ഭൂരിഭാഗം പണ്ഡിതന്മാരും അംഗീകരിച്ചിട്ടുണ്ട്.

**അബു ഉർവ്വ സുബൈരി (റഹി) പറയുന്നു;**

ഞങ്ങൾ ഇമാം മാലിക്കിന്റെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ സ്വഹാബികളെക്കുറിച്ച് ദുഷിച്ച് കൊണ്ട് സംസാരിച്ചു. അതു കേട്ട ഇമാം സൂറത്ത് ഫത്ഹിലെ ഇരുപത്തി ഒമ്പാതാമത്തെ ആയത്ത് ഓതിക്കൊണ്ട് പറഞ്ഞു: മുഹമ്മദ് നബി (സ്വ) യുടെ സ്വഹാബത്തിനോട് മനസ്സിൽ പകവെക്കുന്ന ഏതൊരാൾക്കും ഈ ആയത്ത് ബാധകമാ ണ്.

## 5. ഏറ്റവും ഉത്തമർ സ്വഹാബികൾ

عن عبدالله بن مسعود رضي الله عنه عن النبي صلى الله عليه وسلم قال : خَيرُ النَّاسِ قَرنِي ، ثُمَّ الَّذِينَ يَلُونَهُم ، ثُمَّ الَّذِينَ يَلُونَهُم ( البخاري ومسلم)

## 6. സ്വഹാബികളിൽ ചിലർ ചിലരെക്കാൾ മഹത്വമുള്ളവരാണ്.

1. അബൂബക്കർ (റ),
2. ഉമർ(റ),
3. ഉസ്മാൻ(റ),
4. അലി (റ)

- **സ്വർഗം കൊണ്ട് സന്തോഷ വാർത്ത അറിയിക്കപ്പെട്ട പത്തു പേർ**

5. ത്വൽഹത്ത് ഇബ്നു ഉബൈദില്ല رضى الله عنه
6. സുബൈർ ഇബ്നുൽ അവ്വാം رضى الله عنه
7. അബ്ദുറഹ്മാൻ ഇബ്നു ഔഫ് رضى الله عنه
8. സഅ്ദ് ബ്നു അബീവക്വാസ് رضى الله عنه
9. സഈദ് ബ്നു സെയ്ദ് رضى الله عنه
10. അബൂഉബൈദത്തുബ്നുൽ ജർറാഹ് رضى الله عنه

- **പിന്നെ ബദറിൽ പങ്കെടുത്തവർ, പിന്നെ ബൈഅത്തു രിദ്‌വാനിൽ പങ്കെടുത്തവർ, പിന്നെ മക്കാ വിജയത്തിന് മുമ്പും പിന്നീട് അതിന് ശേഷം ഇസ്ലാം സ്വീകരിച്ചവർ,**

## 7. സ്വഹാബികളെ ചീത്ത പറയരുത്.

عَنْ أَبِي سَعِيدٍ الخُدْرِيِّ، قالَ: قالَ رَسُولُ اللَّهِ ﷺ :لا تَسُبُّوا أَصْحابِي، فَوالَّذِي نَفْسِي بِيَدِهِ، لَوْ أَنْفَقَ أَحَدُكُمْ مِثْلَ أُحُدٍ ذَهَبًا ما بَلَغَ مُدَّ أَحَدِهِمْ ولا نَصِيفَهُ

ذروا أصحابي ، لا تقولوا فيهم إلا خيرا

നബി ﷺ പറഞ്ഞു: നിങ്ങൾ എന്റെ സ്വഹാബത്തിനെ വിട്ടേക്കുക, അവരെ കുറിച്ച് നന്മയല്ലാതെ ഒന്നും നിങ്ങൾ പറയരുത്.

عن ابن مسعود أن النبي صلى الله عليه وسلم قال : وإذا ذُكِرَ أَصْحابِي فَأَمْسِكُوا

ഇബ്നു മസ്ഊദിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: എന്റെ സ്വാഹാബത്തിനെ കുറിച്ച് പറയപ്പെട്ടാൽ നിങ്ങൾ നിങ്ങളെ നിയന്ത്രിക്കുക. (ത്വബ്റാനി)

مَن سَبَّ أصْحابِي فَعَلَيْهِ لَعْنَةُ اللَّهِ والمَلائِكَةِ والنّاسِ أجْمَعِينَ

നബി ﷺ പറഞ്ഞു: ആരെങ്കിലും എന്റെ സ്വഹാബത്തിനെ ചീത്തപറഞ്ഞാൽ അവന് അല്ലാഹുവിന്റേയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടെയും ശാപമുണ്ടായിരിക്കുന്നതാണ്.

- **അൻസാറുകളെ സ്നേഹിക്കൽ ഈമാനിന്റെ അടയാളമാണ്**

عَنْ أَنَسِ بْنِ مَالِكٍ عَنِ النَّبِيِّ صلى الله عليه وسلم قَالَ : آيَةُ الإِيمَانِ حُبُّ الأَنْصَارِ، وَآيَةُ النِّفَاقِ بُغْضُ الأَنْصَارِ

അനസിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അൻസാറുകളെ സ്നേഹിക്കൽ ഈമാനിന്റെ അടയാളമാണ്, അൻസാറുകളോടുള്ള വെറുപ്പ് നിഫാഖിന്റെ അടയാളമാണ്. (ബുഖാരി)

عَنِ الْبَرَاءَ ـ رضى الله عنه ـ قَالَ سَمِعْتُ النَّبِيَّ صلى الله عليه وسلم أَوْ قَالَ قَالَ النَّبِيُّ صلى الله عليه وسلم : الأَنْصَارُ لاَ يُحِبُّهُمْ إِلاَّ مُؤْمِنٌ، وَلاَ يُبْغِضُهُمْ إِلاَّ مُنَافِقٌ، فَمَنْ أَحَبَّهُمْ أَحَبَّهُ اللَّهُ، وَمَنْ أَبْغَضَهُمْ أَبْغَضَهُ اللَّهُ

ബറാഇൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: അൻസാറുകളെ സത്യവിശ്വാസികളല്ലാതെ സ്നേഹിക്കുകയില്ല, മുനാഫിഖുകളല്ലാതെ അവരെ വെറുക്കുകയുമില്ല. ആരെങ്കിലും അൻസാറുകളെ സ്നേഹിച്ചാൽ അവരെ അല്ലാഹു സ്നേഹിക്കുന്നതാണ്. ആരെങ്കിലും അൻസാറുകളെ വെറുത്താൽ അവരെ അല്ലാഹു വെറുക്കുന്നതാണ്. (ബുഖാരി)

**ഉമർ (റ) വിന്റെ കാലത്ത് ഗ്രാമീണനായ ഒരാൾ അൻസാരികളെ ചീത്ത പറഞ്ഞു. അദ്ദേഹത്തെ ഉമർ (റ) വിന്റെ മുമ്പിലേക്ക് കൊണ്ടു വന്നു.**

فَقالَ لَهُمْ عُمَرُ :لَوْلا أنَّ لَهُ صُحْبَةً مِن رَسُولِ اللَّهِ ﷺ ما أدْرِي ما نالَ فِيها لَكَفَيْتُكُمُوهُ، ولَكِنَّ لَهُ صُحْبَةً.

"അല്ലാഹുവിന്റെ തിരുദൂതനോടൊപ്പമുള്ള സ്വുഹ്ബത്ത് അയാൾക്ക് ഇല്ലായിരുന്നുവെങ്കിൽ ഞാൻ തന്നെ അയാളെ കൈകാര്യം ചെയ്യുമായിരുന്നു; തിരുദൂതനോ ടൊപ്പമുള്ള സഹവാസത്തിൽ അയാൾ നേടിയത് എന്തെന്ന് എനിക്ക് അറിയില്ല .

- ഈ അഅ്റാബി, നബി (സ്വ) കണ്ടുമുട്ടിയിരിക്കുന്നു എന്ന് മനസിലാക്കിയതിനാൽ ഉമർ (റ) അദ്ദേഹത്തെ ആക്ഷേപിക്കുക പോലും ചെയ്തില്ല; പിന്നെയല്ലേ, അദ്ദേഹത്തെ ശിക്ഷിക്കൽ.
- ഈ സംഭവത്തിൽ സ്വഹാബത്തിന്റെ സ്ഥാനമാനം അതുല്യമാണെന്ന് പ്രമുഖ സ്വഹാബികൾ വരെ വിശ്വസിച്ചിരുന്നു എന്നതിന് വ്യക്തമായ രേഖയുണ്ട്.
- **ഇന്ന് പലരും സ്വഹാബികളെ ചീത്തപറയുന്നവരുണ്ട്.**

**ഇമാമി ശിയാ പുരോഹിതൻ മജ്ലിസി പറയുന്നത് കാണുക:**

"സഹാബികളും മറ്റുള്ളവരെ പോലെ തന്നെയാണെന്നാണ് ഇമാമി ശിയാക്കൾ വിശ്വസിക്കുന്നത്. അവരിൽ നീതിമാന്മാരും, കപടന്മാരും, തെമ്മാടികളും വഴിപിഴ ച്ചവരുമുണ്ട്. മാത്രമല്ല അവരിൽ ബഹുഭൂരിപക്ഷവും അങ്ങനെയുള്ളവരായിരുന്നു." (ബിഹാറുൽ അന്വാർ).

**അബൂബക്കർ (റ) വിനെക്കുറിച്ച് അവർ പറഞ്ഞത്; വൃത്തികെട്ടവനാണ്. (അൽ അൻവാറുന്നുഅ്മാനിയ)**

"ജീവിതത്തിൽ അധികകാലവും വിഗ്രഹസേവയിലും കുഫ്റിലും കഴിഞ്ഞവൻ എന്നാണ് കാശാനി പറയുന്നത്. (ഇൽമുൽ യഖീൻ).

ഉമർ (റ) വിനെക്കുറിച്ച് പറഞ്ഞത്; "അദ്ദേഹം കുഫ്റ് മറച്ചുവെച്ച് മുസ്ലിമായി അഭി നയിക്കുകയായിരുന്നു." (അഖാഇദുൽ ഇമാമിയ്യ).

### 8. സ്വഹാബികളുടെ മരണം ലോകാവസാനത്തിന്റെ അടയാളം.

النُّجُومُ أَمَنَةٌ لِلسَّماءِ، فَإذا ذَهَبَتِ النُّجُومُ أتى السَّماءَ ما تُوعَدُ، وأنا أمَنَةٌ لِأَصْحابِي، فَإذا ذَهَبْتُ أتى أصْحابِي ما يُوعَدُونَ، وأصْحابِي أمَنَةٌ لِأُمَّتِي، فَإذا ذَهَبَ أصْحابِي أتى أُمَّتِي ما يُوعَدُونَ

നബി ﷺ പറഞ്ഞു: ആകാശത്തിന്റെ കാവൽഭടന്മാരാണ് നക്ഷത്രങ്ങൾ. നക്ഷത്രങ്ങൾ നീങ്ങിയാൽ, ആകാശത്ത് അതിന് താക്കീത് നൽകപ്പെട്ടത് സംഭവിക്കുകയായി. ഞാൻ എന്റെ സ്വഹാബികളുടെ കാവലാളാണ്. ഞാൻ മരണപ്പെട്ടാൽ. അവർക്ക് താക്കീത് നൽകപ്പെട്ടത് അവരിൽ വന്നെത്തുകയായി. എന്റെ സ്വഹാബികൾ എന്റെ സമുദായത്തിന്റെ കാവലാളുകളാണ്. അവർ വിടപറഞ്ഞാൽ എന്റെ ഉമ്മത്തിൽ അവർക്ക് താക്കീത് നൽകപ്പെട്ടത് സംഭവിക്കുകയായി. (മുസ്ലിം)

### 9. നമ്മുടെ കടമ...

قَالَ الإِمَامُ أَحْمَدُ: أُصُولُ السُّنَّةِ عِنْدَنَا التَّمَسُّكُ بِمَا كَانَ عَلَيْهِ أَصْحَابُ رَسُولِ اللَّهِ -ﷺ- وَالاقْتِدَاءُ بِهِمْ

ഇമാം അഹ്മദ് (റഹി) പറയുന്നു: നബി ﷺ യുടെ സ്വഹാബികൾ എന്തൊന്നിലായിരുന്നോ, അതിനെ മുറുകെ പിടിക്കലും, അത് മാതൃകയാക്കലും നമ്മുടെ അടുക്കൽ അഹ്ലു സ്സുന്നത്തിന്റെ അടിത്തറകളാണ്. (ഉസ്വൂലുസ്സുന്നഃ)

### 10. അവരെ ആദരിക്കണം.

أَكْرِمُوا أَصْحَابِي ؛ فَإِنَّهُمْ خِيَارُكُمْ

എന്റെ സ്വഹാബികളെ നിങ്ങൾ ആദരിക്കണം. കാരണം, അവർ നിങ്ങളിൽ ഉത്തമരാണ്

وعَنْ واثِلَةَ بْنِ الأسْقَعَ قالَ: قالَ رَسُولُ اللهِ ﷺ :لا تَزالُونَ بِخَيْرٍ ما دامَ فِيكُمْ مَن رَآنِي وصاحَبَنِي، واللهِ لا تَزالُونَ بِخَيْرٍ ما دامَ فِيكُمْ مَن رَأى مَن رَآنِي، وصاحَبَ مَن صاحَبَنِي

എന്നെ കാണുകയും എന്നോട് സഹവസിക്കുകയും ചെയ്തവർ നിങ്ങളിൽ ഉണ്ടാകുന്ന കാലത്തോളം നിങ്ങൾ അനുഗ്രഹത്തിലാ യിരിക്കും. അല്ലാഹുവാണേ സത്യം, എന്നെ കാണുകയും എന്നോട് സഹവസിക്കുകയും ചെയ്തവരെ കണ്ടവർ നിങ്ങളിൽ ഉണ്ടാകുന്ന കാലത്തോളം നിങ്ങൾ അനുഗ്രഹത്തിലായിരിക്കും.

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇത് വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.